LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സംസ്ഥാനത്തെ ജനസംഖ്യ 2011 സെൻസസ് പ്രകാരം 3,33,87,677-ഉം ഇപ്പോഴത്തെ വില്ലേജുകളുടെ എണ്ണം 1664-ഉം ആണ്. ശരാശരി ജനസംഖ്യ വില്ലേജ് തലത്തിൽ രേഖരിച്ച് ലാന്റ് റവന്യൂ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ഹാരിസൺ മലയാളം പ്ലാന്റേഷൻ

153(3075) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷന്റെ ഭൂമിയെ സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ എന്തെങ്കിലും നടപടികൾ നിർദ്ദേശിച്ചിരുന്നോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) ഹാരിസൺ മലയാളം ലിമിറ്റഡ് കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 25-4-2013-ലെ ജി.ഒ.(എംഎസ്.)161/2013/റവ. ഉത്തരവ് പ്രകാരം സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും സ്പെഷ്യൽ ഓഫീസർ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

മലപ്പുറം സിവിൽസ്റ്റേഷൻ പരിധിയിലുള്ള പാട്ടഭൂമി

154(3076) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം സിവിൽസ്റ്റേഷൻ പരിധിയിലുള്ള സർക്കാർ ഭൂമിയിൽ നിന്നും ഏതെങ്കിലും സംഘടനകൾക്കോ ട്രസ്റ്റുകൾക്കോ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;